പ്രസ്സ് റിലീസ് ജൂൺ 16, 2013

# കൊതുക് നിർമ്മാർജ്ജന-മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ പൊതുജനം ഏറ്റെടുക്കണം: സുരേഷ്ഗോപി

സംസ്ഥാനത്തെ കൊതുക് നിർമ്മാർജ്ജന-മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ, വിപുലമായ സർക്കാർ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങൾ ഏറ്റെടുത്ത് നടത്തണമെന്ന് നടൻ സുരേഷ്ഗോപി അഭ്യർത്ഥിച്ചു. ഊർജ്ജിത പകർച്ചവ്യാധി നിയന്ത്രണപരിപാടിയുടെ ഭാഗമായി വഞ്ചിയൂർ ഋഷിമംഗലത്ത് നടന്ന ജില്ലാതല 'ഡ്രൈ ഡേ' ആചരണപരിപാടി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മാലിന്യം പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് അവനവനുതന്നെ ദോഷംചെയ്യുമെന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

പകർച്ചവ്യാധികളെ നേരിടാൻ എല്ലാവരുടെയും കൂട്ടായ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് ആരോഗ്യമന്ത്രി വി.എസ്.ശിവകുമാർ അഭ്യർത്ഥിച്ചു. അത് ഓരോ കുടുംബത്തിൽനിന്നും തുടങ്ങണം. വീടിനകത്തും പുറത്തും കൊതുകുകൾ പെരുകുന്ന സാഹചര്യം തീർത്തും ഒഴിവാക്കണം. വീടുകൾ കേന്ദ്രീകരിച്ചുള്ള 'ഡ്രൈ ഡേ' ദിനാചരണങ്ങൾ ഈ മാസം 23 നും 30 നും വീണ്ടും നടത്തും. അതിനുശേഷവും ആഴ്ചയിൽ ഒരു ദിവസം 'ഡ്രൈ ഡേ' ആചരിക്കുവാൻ റസിഡന്റ്സ് അസോസിയേഷനുകൾ സ്ക്വാഡുകൾ രൂപീകരിച്ച് മുന്നോട്ടുവരണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. ഋഷിമംഗലത്തെ ഏതാനും വീടുകളിൽ മന്ത്രിയും സംഘവും സന്ദർശന നടത്തി. മൂന്ന് വീടുകളിൽ ഫ്രിഡ്ജുകളുടെ ട്രേ-കളിൽ കൊതുകിന്റെ കൂത്താടികൾ വളരുന്നതായി സംഘം കണ്ടെത്തി.

ഡെപ്യൂട്ടി ഡി.എം.ഒ.യുടെ നേതൃത്വത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ്, ബയോളജിസ്റ്റ്, മലേറിയ ഓഫീസർ എന്നിവരടങ്ങുന്ന ജില്ലാതല സ്ക്വാഡുകളോട് വാർഡുതല ശുചിത്വസമിതികളുടെ പ്രവർത്തനങ്ങൾ ഓരോ ദിവസവും വിലയിരുത്തി ജില്ലാ മെഡിക്കൽ ഓഫീസർക്കും ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർക്കും റിപ്പോർട്ടുചെയ്യുവാൻ മന്ത്രി നിർദ്ദേശിച്ചു. സംസ്ഥാനത്തെ സ്ഥാപനങ്ങളിൽ ജൂൺ 21, 28, ജൂലൈ 5 തീയതികളിലും, സ്കൂളുകളിൽ ജൂൺ 17, 24, ജൂലൈ 1 തീയതികളിലുമാണ് 'ഡ്രൈ ഡേ' ആചരണങ്ങൾ. ജൂൺ 18, 25, ജൂലൈ 2 തീയതികളിൽ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് കൊതുക് നിവാരണ പ്രവർത്തനങ്ങൾ നടത്തുമെന്നും മന്ത്രി അറിയിച്ചു. ജൂൺ 17 ന് സ്കൂളുകളിൽ നടക്കുന്ന 'ഡ്രൈ ഡേ' ആചരണത്തോടനുബന്ധിച്ച് അസംബ്ലികളിൽ പ്രത്യേക ബോധവൽക്കരണ പരിപാടികൾ നടത്തും.

'ഡ്രൈ ഡേ' ആചരണത്തോടനുബന്ധിച്ച് ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് എല്ലാ പഞ്ചായത്തുകളിലും വാർഡുതല ശുചിത്വസമിതികളുടെ നേതൃത്വത്തിൽ ഊർജ്ജിത ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടന്നു. വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിലെ ജീവനക്കാർ, ആശാ–അംഗൻവാടി പ്രവർത്തകർ, വാർഡുതല ശുചിത്വസമിതി അംഗങ്ങൾ എന്നിവർ പ്രവർത്തനങ്ങളിൽ അണിനിരന്നു.

ഉദ്ഘാടനപരിപാടിയിൽ മേയർ കെ.ചന്ദ്രിക, കൗൺസിലർ സരോജം, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ:പി.കെ.ജമീല, അഡീഷണൽ ഡയറക്ടർമാരായ ഡോ:എൻ.ശ്രീധർ, ഡോ:ജി.സുനിൽകുമാർ, ഡി.എം.ഒ. ഡോ:പി.ഡി.രേണുക, ഡി.പി.എം. ഡോ:ബി.ഉണ്ണിക്കൃഷ്ണൻ, റസിഡന്റ്സ് അസോസിയേഷൻസ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## സംസ്ഥാനത്ത് 'ഡ്രൈ ഡേ' ആചരിച്ചു.

ഊർജ്ജിത പകർച്ചവ്യാധി നിയന്ത്രണപരിപാടിയുടെ ഭാഗമായി ഇന്നലെ (ജൂൺ 16) എല്ലാ ജില്ലകളിലും 'ഡ്രൈ ഡേ' ആചരിച്ചു. സംസ്ഥാനതല ഉദ്ഘാടനം കോട്ടയം പനച്ചിക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു. ചടങ്ങിൽ ആഭ്യന്തര–വിജിലൻസ് വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു.

## കടലാക്രമണബാധിത പ്രദേശങ്ങൾ മന്ത്രി വി.എസ്.ശിവകുമാർ സന്ദർശിച്ചു.

തിരുവനന്തപുരം വെട്ടുകാട് കടലാക്രമണബാധിതപ്രദേശങ്ങൾ മന്ത്രി വി.എസ്.ശിവകുമാർ സന്ദർശിച്ചു. തീരദേശമേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി സ്ഥിരം പുനരധിവാസകേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് വെട്ടുകാട് പള്ളിയിൽച്ചേർന്ന യോഗത്തിൽ മന്ത്രി അറിയിച്ചു. ശംഭുവട്ടം ഗവൺമെന്റ് എൽ.പി.സ്കൂളിലെ പുനരധിവാസകേന്ദ്രത്തിൽ താമസിക്കുന്നവർക്ക് എല്ലാ സഹായവും നൽകുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. അവർക്ക് നല്ല ആഹാരം ലഭ്യമാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അദ്ദേഹം പറഞ്ഞു. മെഡിക്കൽ ടീമിന്റെ സേവനം ആവശ്യമെങ്കിൽ അത് ലഭ്യമാക്കുവാനും രാത്രികാല പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുവാനും നിർദ്ദേശം നൽകി. കടലാക്രമണത്തിൽ 126 വീടുകളിലാണ് വെള്ളം കയറിയത്. ഇതിൽ 10 വീടുകൾ തകർന്നു. ഈ വീടുകളിലെ അംഗങ്ങളെയാണ് ശംഭുവട്ടം ഗവൺമെന്റ് എൽ.പി.സ്കൂളിലേക്ക് മാറ്റിത്താമസിപ്പിച്ചിട്ടുള്ളത്. യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ

ചന്ദ്രിക, ഫാദർ സൈറസ് കളത്തിൽ, പാരിഷ് കോ-ഓർഡിനേറ്റർ ബർബി ഫെർണാണ്ടസ്, സ്റ്റെല്ലസ്, ചന്ദ്രൻ, റവന്യൂ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**ആരോഗ്യവകുപ്പ് മന്ത്രിയുടെ**
**പ്രസ്സ് സെക്രട്ടറി**
**(+91 9946 105965)**

---------------------------